



Voice of Jagadguru
advaitam paramanandam
an e-magazine on advaita



# അനുഗ്രഹ ഭാഷണം

## സഹായിക്കാനുള്ള ശരിയായ മാർഗ്ഗം

മനുഷ്യജീവിതത്തിൽ ഒരാൾക്ക് മറ്റൊരാളെ സഹായിക്കേണ്ടതായ സാഹചര്യമുണ്ടാകും. അപ്പോൾ അയാളുടെ മനസ്സ് സഹായം ചെയ്യുവാൻ വെമ്പൽകൊള്ളുകയും ചെയ്യും. തത്സമയം അയാൾ തന്റെ വിവേകബുദ്ധിയാൽ വിവേചനം ചെയ്യേണ്ടുന്നതാകുന്നു. താൻ ചെയ്യുന്ന സഹായം മറ്റൊരാൾക്ക് ഉതകുന്നതാകുമോ അല്ലയോ എന്ന് ചിന്തിക്കണം. സഹായം അഭ്യർത്ഥിച്ച ആളുടെ പ്രതിസന്ധി പരിഹരിക്കപ്പെടുന്നതാണെങ്കിൽ തീർച്ചയായും സഹായം ചെയ്യേണ്ടതാണ്.



**एकमपि सतां सुकृतं विकसति तैलं यथा जले न्यस्तम् ।**

**असतामुपकारशतं संकुचति सुशीतले घृतवत् ॥**


ഏകമപി സതാം സുകൃതം വികസതി തൈലം യഥാ ജലേ ന്യസ്തം |
അസതാമുപകാരശതം സങ്കുചതി സുശീതലേ ഘൃതവത് ||

ഒരു മഹത് വ്യക്തി ഇങ്ങനെ ഉദാഹരിക്കുന്നു :- ഒരു സത്പുരുഷന് നൽകുന്ന ഉപകാരം ജലത്തിൽ ഒഴിച്ച എണ്ണയെപ്പോലെ പടരും. എന്നാൽ ഒരു ദുഷ്ടന് ചെയ്യുന്ന ഉപകാരം ശീതത്തിൽ ഘനീഭവിച്ച് ഉറഞ്ഞ് ചുരുങ്ങുന്ന നെയ്യെപോലെ ആകും.
ഇതു മനസ്സിലാക്കി സൂക്ഷ്മമായി അപഗ്രഥിച്ചതിനുശേഷം മാത്രം അർഹതപ്പെട്ടയാൾക്ക് ഉപകാരം ചെയ്യേണ്ടതാണ്.

- ജഗത് ഗുരു ശങ്കരാചാര്യ പരമപൂജ്യ ശ്രീ ശ്രീ ഭാരതീതീർത്ഥ മഹാ സ്വാമികൾ.

# ||आत्मबोध:||

## ആത്മബോധ



तावत्सत्यं जगद्भाति शुक्तिकारजतं यथा ।
यावन्न ज्ञायते ब्रह्म सर्वाधिष्ठानमद्वयम् ॥ ७॥

താവത്സത്യം ജഗദ്ഭാതി ശുക്തികാരജതം യഥാ .

യാവന്ന ജ്ഞായതേ ബ്രഹ്മ സർവാധിഷ്ഠാനമദ്വയം .. 7..

ഏതിന്റേയും അധിഷ്ഠാനമായ, സൃഷ്ടിക്കുതന്നെ കാരണമായ, ബ്രഹ്മത്തെ അറിയുന്നതുവരെ ജഗത് സത്യമായി കാണപ്പെടും. അത് മുത്തുചിപ്പിയെ വെള്ളിയായി തെറ്റിദ്ധരിക്കുന്നതുപോലെയാണ്.

Jagadguru Śankarācārya His Holiness Śrī Śrī Srī Chandrashekara Bhāratī Mahāswāmiji and Jagadguru Śankarācārya His Holiness Śrī Śrī Srī abhinava Vidya Tirtha Mahāswāmiji at Sringeri (file photo)

उपादानेऽखिलाधारे जगन्ति परमेश्वरे ।

सर्गस्थितिलयान्यान्ति बुदबुदानीव वारिणि ॥ ८॥

ഉപാദാനേ്ഽഖിലാധാരേ ജഗന്തി പരമേശ്വരേ .

സർഗസ്ഥിതിലയാന്യാന്തി ബുദബുദാനീവ വാരിണി .. 8..

നീർക്കുമിളകളെപ്പോലെ തന്നെ ഈ ജഗത് പരമാത്മാവിൽനിന്നും ഉദിച്ച്, നിലനിന്ന് ലയിക്കുകയും ചെയ്യുന്നു. ഈ പരമാത്മാവാണ് എല്ലാത്തിനും കാരണവും ആധാരവുമായിരിക്കുന്നത്.

सच्चिदात्मन्यनुस्यूते नित्ये विष्णौ प्रकल्पिताः ।

व्यक्तयो विविधास्सर्वा हाटके कटकादिवत् ॥ ९॥

സച്ചിദാത്മന്യനുസ്യൂതേ നിത്യേ വിഷ്ണൗ പ്രകല്പിതാഃ .

വ്യക്തയോ വിവിധാസ്സർവാ ഹാടകേ കടകാദിവത് .. 9..

എല്ലാത്തിന്റേയും പരമസത്തായ - ജ്ഞാനമായ പരബ്രഹ്മമായ പരമാത്മാവായ വിഷ്ണുവെന്ന ആധാരത്തിൽ ഭാവനയുടെ പ്രതിഫലനമാണ് ഈ കാണുന്ന ജഗത്തും അതിലെ സർവ്വ ചരാചരങ്ങളും. ഇത് സ്വർണ്ണംകൊണ്ട് നിർമ്മിതമായ വിവിധ ആഭരണങ്ങളെപ്പോലെയാണ് എന്ന് ഉദാഹരിക്കാം.
(തുടരും)

## ധർമ്മശാസ്ത്രത്തിന്റെ മാർഗ്ഗം

ചോദ്യോത്തര രൂപത്തിൽ, തേനിയിലെ വേദപുരിയിൽ ഉള്ള ശ്രീ സ്വാമി ചിത്ഭവാനന്ദ ആശ്രമത്തിന്റെ സ്ഥാപകനായ പരമപൂജ്യ ശ്രീ സ്വാമി ഓംകാരാനന്ദ സരസ്വതി നമ്മുടെ ധർമ്മശാസ്ത്രത്തെക്കുറിച്ചുള്ള സംശയം, വൈദികഗ്രന്ഥങ്ങളുടെ അടിസ്ഥാനത്തിൽ നിവൃത്തിചെയ്യുന്നു.

(1)സ്വാമിജി, യാതൊരു ഒഴികഴിവും ഇല്ലാത്ത, ഏതൊക്കെ കർത്തവ്യങ്ങളാണ് ദൈനംദിന ജീവിതത്തിൽ നാം അനുഷ്ഠിക്കേണ്ടതായിട്ടുള്ളത്. ഇവയിൽ ശാസ്ത്രങ്ങൾ സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേകം പ്രത്യേകമായി ഏതെങ്കിലും കർത്തവ്യങ്ങൾ ചെയ്യേണ്ടതായി പരാമർശിക്കപ്പെടുന്നുണ്ടോ ? ആണെങ്കിൽ ദയവായി വിശദീകരിച്ചാലും.



യാതൊരു കാരണവശാലും വീഴ്ച കൂടാതെ നിത്യവും പഞ്ചമഹായജ്ഞങ്ങൾ അനുഷ്ഠിക്കണം. ഈ അഞ്ചുകർമ്മങ്ങൾ ഇവയാണ് :

1) ദേവയജ്ഞം - ഈശ്വരനോടുള്ള പ്രാർത്ഥന.

2)പിതൃയജ്ഞം - മൺമറഞ്ഞ പിതൃക്കൾക്കുള്ള ആരാധന. (ജീവിച്ചിരിപ്പുള്ള മാതാപിതാക്കളെ സംരക്ഷിക്കുന്നതും ഉൾപ്പെടും).

3) മനുഷ്യയജ്ഞം - സഹ മനുഷ്യജീവികൾക്ക് വേണ്ടുന്ന സഹായ സഹകരണങ്ങൾ ചെയ്തുകൊടുക്കുക.

4) ഭൂതയജ്ഞം - വൃക്ഷ, മൃഗാദികളെ സംരക്ഷിക്കൽ.

5)ബ്രഹ്മയജ്ഞം - പരമ്പരാഗത രീതിയിൽ ധർമ്മഗ്രന്ഥങ്ങൾ അഭ്യസിക്കുന്നത്.

അതിരാവിലെ മുതൽ രാത്രിവരെ നമ്മുടെ എല്ലാ പ്രവൃത്തികളും ഈശ്വരാർപ്പണമായി ചെയ്യേണ്ടതാണ്. രാവിലെ എഴുന്നേൽക്കുന്നതു മുതൽ ചെയ്യുന്ന ഓരോ പ്രവൃത്തികൾക്കും അനുസൃതമായി ഓരോ പ്രാർത്ഥനാ മന്ത്രങ്ങൾ പ്രത്യേകമായി നമ്മുടെ ധർമ്മഗ്രന്ഥങ്ങൾ പ്രതിപാദിച്ചിട്ടുണ്ട്. യാതൊരാൾക്കും ഇവ അഭ്യസിച്ച് ഈശ്വരനുമായി ബന്ധം ഉറപ്പിക്കാവുന്നതാണ്. എന്നാൽ സുപ്രധാനമായി നമ്മുടെ എല്ലാ വ്യവഹാരങ്ങളും ധർമ്മാനുസൃതമായിരിക്കണം. സ്ത്രീകൾക്കനുഷ്ഠിക്കേണ്ടതായ നിരവധി പൂജകൾ നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. ഗണേശചതുർത്ഥി, ഋഷിപഞ്ചമി വ്രതങ്ങൾ എല്ലാം സ്ത്രീകൾ അനുഷ്ഠിക്കേണ്ടതായവയാണ്.

2)ഈ കാലത്ത് നാം ഹിന്ദുക്കൾ ഭസ്മ കുങ്കുമം, ചന്ദനം മുതലായവ പരിഷ്ക്കാരത്തിന്റെ ഭാഗമായി ഉപയോഗിക്കുന്നില്ല. കുങ്കുമത്തിനു പകരം ഒട്ടിക്കുന്ന പൊട്ടാണ് ഉപയോഗിക്കുന്നത്. മാത്രമല്ല, ദീപപ്രജ്ജ്വലനംപോലും പരമ്പരാഗത വസ്ത്രങ്ങളോ ചന്ദന, കുങ്കുമ ഭസ്മാദികളോ ധരിക്കാതെയാണ് ചെയ്യുന്നത്. ഇത് ശരിയാണോ ? നെറ്റിയിൽ ഭസ്മ കുങ്കുമ ചന്ദനാദികൾ ധരിക്കുന്നതിന്റെ ഉപയോഗവും ഗുണവും എന്താണ് ?

നമ്മുടെ പൂർവ്വീകർ ചില പരമ്പരാഗത ആചാരാനുഷ്ഠാനങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. അതിൽ നമ്മുടെ ഇഷ്ടാനിഷ്ടങ്ങൾക്ക് സ്ഥാനമില്ല. ഈ വിധിവിധാനങ്ങൾ നാംപാലിക്കേണ്ടതാണ്.



അതിൽ വരുത്തുന്ന ഒത്തുതീർപ്പുകൾ ഫലത്തേയും ബാധിക്കും. ഓരോ ആചാരാനുഷ്ഠാനങ്ങൾക്കും അതിന്റേതായ കാരണങ്ങൾ ഉണ്ട്. അതിനാൽ ആണ് വിവേകികളായ പൂർവ്വീകർ അവ നിർദ്ദേശിച്ചിരിക്കുന്നത്. പ്രസാദരൂപേണ ഭസ്മ കുങ്കുമാദികൾ നെറ്റിയിൽ ധരിക്കുന്നതുവഴി ഈശ്വരകൃപ അദൃശ്യമായി ലഭിക്കുകയും, സൂക്ഷ്മരൂപേണ നമ്മെ ആക്രമിക്കുന്ന ദുഷ്ടശക്തികളെ പ്രതിരോദിക്കുകയും ചെയ്യും. യാതൊന്ന് നമ്മുടെ പാപങ്ങളെ നശിപ്പിച്ച് ഭഗവത് സ്മരണ ഉളവാക്കുന്നുവോ അതിനെയാണ് ഭസ്മംകൊണ്ട് ഉദ്ദേശിക്കുന്നത്. അതിനാൽ ഭസ്മധാരണംവഴി പാപങ്ങൾ നശിക്കുകയും ഭഗവത്ചിന്ത ഉദ്ദീപിപ്പിക്കുകയും ചെയ്യും. ഭസ്മത്തെ വിഭൂതി (കീർത്തി എന്നു വിവക്ഷ) എന്നും പറയുന്നു. കാരണം അത് ധരിക്കുന്ന ആൾക്ക് സംരക്ഷണവും സത്കീർത്തിയും പ്രദാനം ചെയ്യുന്നു. ധരിക്കുന്ന ആളെ രോഗങ്ങളിൽനിന്നും ദുഷ്ടശക്തികളിൽനിന്നും രക്ഷിച്ച് ശുദ്ധീകരിക്കുക വഴി അയാളുടെ യശസ്സ് വർദ്ധിപ്പിക്കുന്നു.



സർവ്വപ്രധാനമായി, സംസ്കാരം നിലനിർത്തുന്നതിന് അത് അനുഷ്ഠാനത്തിലൂടെ പരിപാലിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. അല്ലാത്തപക്ഷം സംസ്കാരം നിലനിർത്തുവാൻ സാദ്ധ്യമല്ല. ഇങ്ങനെയുള്ള ഒരു സംസ്കാര പാരമ്പര്യത്തിൽ ജനിക്കുന്നതിൽ അഭിമാനിച്ച് പാരമ്പര്യത്തിനനുസൃതവും നിഷ്കർഷിച്ചതുമായ നിയമങ്ങളും വസ്ത്രവിധാനങ്ങളും അനുസരിക്കേണ്ടതാണ്.

# പൂജാവിധാനം

ഇപ്രകാരം നമ്മുടെ രാജ്യത്തിന്റെ യഥാർത്ഥ വിദ്യാഭ്യാസ സമ്പ്രദായത്തെക്കുറിച്ച്



യുവതലമുറയെ പറഞ്ഞു മനസ്സിലാക്കേണ്ട കർത്തവ്യം മുതിർന്നവർക്കും മറ്റുമാണ്. നമ്മുടെ രാജ്യത്തിന് അമൂല്യമായ ശാസ്ത്രം കൈമുതലായിട്ടുണ്ട്. ആയവ ശ്രുതികളാലും, സ്മൃതികളാലും പഠിപ്പിച്ചിട്ടുള്ളതും ആണ്. നമ്മുടെ ശാസ്ത്രഗ്രന്ഥങ്ങൾ അതിൽ പ്രതിപാദിച്ചിരിക്കുന്ന തത്വങ്ങൾ നമ്മുടെ ജീവിതത്തിലും ദൈനംദിന ചര്യകളിലും എങ്ങനെ അനുയോജ്യമായി പ്രയോഗിക്കാം എന്ന് വിശദീകരിച്ചിട്ടുണ്ട്. നമ്മുടെ ധർമ്മത്തേയും, കർത്തവ്യത്തെയും ഉത്തരവാദിത്ത്വത്തെക്കുറിച്ചും വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. അവയിൽ പൂജാനുഷ്ഠാനവും വ്രതാനുഷ്ഠാനവും സുപ്രധാനമാണ്. അവയെക്കുറിച്ച് ചില ലഘു



ലേഖകൾ നമുക്ക് നോക്കാം. കർമ്മമാർഗ്ഗം, ഒരു സത് ഗുരുവിന്റെ മാർഗ്ഗനിർദ്ദേശത്തോടെ നമ്മുടെ ജീവിതത്തിൽ എങ്ങനെ ഇവ അനുഷ്ഠിക്കാം എന്നു പറഞ്ഞുതരുന്നു. ഈ കർമ്മങ്ങളെ നിത്യം, നൈമിത്തികം, കാമ്യം എന്ന് തരംതിരിക്കാം. ഇഹപരജീവിതത്തിൽ ശാന്തിയും സന്തോഷവും സൗഖ്യവും കൈവരിക്കുവാൻ ഈ കർമ്മങ്ങൾ അനുഷ്ഠിക്കേണ്ടതുണ്ടെന്ന് വേദങ്ങളും, സ്മൃതികളും പുരാണങ്ങളും നിഷ്കർഷിക്കുന്നു. മനുഷ്യർക്കുമാത്രം ചെയ്യാൻ സാധിക്കുന്നതാണ് ഈ കർമ്മങ്ങൾ. ആയതിനാൽ ഈ മനുഷ്യജന്മം പാഴാക്കാതെ ഇവ അനുഷ്ഠിക്കേണ്ടത് നമ്മുടെ ഉത്തരവാദിത്തമാകുന്നു.

1)നിത്യകർമ്മം:- സന്ധ്യാവന്ദനം, ബ്രഹ്മയജ്ഞം, അഗ്നിഹോത്രം മുതലായ കർമ്മങ്ങൾ യൊതൊരു മുടക്കവും കൂടാതെ മരണംവരെ നിത്യവും ഏവരും ചെയ്യേണ്ടുന്നവയാണ്.
2)നൈമിത്തിക കർമ്മം:- പരിശുദ്ധമായ നദികളിലും സമുദ്രത്തിലും ഉള്ള വിശേഷ സ്നാനങ്ങൾ, സൂര്യ-ചന്ദ്ര ഗ്രഹണ സമയത്തിലെ തർപ്പണങ്ങൾ, അമാവാസ്യതർപ്പണം, ശ്രാദ്ധം മുതലായ പ്രത്യേക സന്ദർഭങ്ങളിൽ മാത്രം ചെയ്യുന്ന (ദൈനംദിന കർമ്മങ്ങൾ ഒഴികെ) വയെ നൈമിത്തികം എന്നു പറയുന്നു. ഇവ പ്രതിപാദിച്ചിട്ടുള്ള ആ പ്രത്യേക സന്ദർഭങ്ങളിൽ മാത്രം വീഴ്ച കൂടാതെ അനുഷ്ഠിക്കേണ്ടതാണ്.
3)കാമ്യകർമ്മം :- വിശേഷമായി പ്രത്യേകം സങ്കല്പത്തോടെ ചെയ്യുന്ന കർമ്മത്തെ കാമ്യകർമ്മമെന്നു പറയാം. ഈ പ്രത്യേക ഫലത്തിനെ ഉദ്ദേശിച്ച് (സ്വന്തമോ അല്ലാതയോ) ചെയ്യുന്നവയാണ്. ഐശ്വര്യത്തിനുവേണ്ടിയും ശത്രുവിന്മേൽ ജയിക്കുന്നതിനും, മഴ ലഭിക്കുന്നതിനും മറ്റുമുള്ള കർമ്മങ്ങൾ ഇതിൽ ഉൾപ്പെടും. ഒരാളുടെ സ്വന്തം കാര്യസാധനക്കുവേണ്ടിയോ മറ്റുള്ളവരുടേയോ ലോകക്ഷേമത്തിനായോ വേണ്ടി മഹർഷിമാരാൽ നിർദ്ദേശിച്ചിട്ടുള്ള പൂജാഹോമ വ്രതങ്ങൾ കാമ്യകർമ്മത്തിൽ ഉൾപ്പെടും.

<u>വ്രതം എന്നാൽ എന്താണ് ?</u>

നമ്മുടെ കർമ്മത്തിലുള്ള തീവ്രമായ ദൃഢവിശ്വാസത്തെ "വ്രതം" എന്ന് അറിയപ്പെടുന്നു. ഈ വ്രതനിയമങ്ങൾ അനുഷ്ഠിക്കാൻ പൂർവ്വീകർ ചില നിയമങ്ങളും നിർദ്ദേശങ്ങളും നിർമ്മിച്ചു നൽകിയിട്ടുണ്ട്. ഇവ അനുഷ്ഠിക്കുമ്പോൾ ഏതൊക്കെ ചെയ്യേണ്ടതും ഏതൊക്കെ ചെയ്യേണ്ടാത്തതുമായ കാര്യങ്ങൾ എന്ന് അനുശാസിച്ചിട്ടുണ്ട്.

ഒഴിവാക്കേണ്ട കാര്യങ്ങൾ :- അപരിമിതമായ ജലസേവനം, പ്രഭാതനേരത്തെ ഉറക്കം, ലൈംഗികബന്ധത്തിൽ ഏർപ്പെടൽ, താംബൂലചർവണം ഇവയൊന്നും അരുതാത്തതാകുന്നു. ശുദ്ധമായ. സസ്യാഹാരം മാത്രം കഴിക്കേണ്ടതും മാംസാഹാരം വർജ്ജിക്കേണ്ടതും ആകുന്നു. ഇവയൊക്കെ അടിസ്ഥാനകാര്യങ്ങൾ ആണ്.

<u>ഇവ അനുഷ്ഠിക്കാൻ ഉള്ള യോഗ്യതകൾ :-</u>

വ്രതാനുഷ്ഠാനങ്ങൾക്ക് പ്രായ ലിംഗ ഭേദമന്യേ സർവ്വരും യോഗ്യരാണ്. കുടുംബത്തിലെ പരമ്പരാഗത കീഴ്വഴക്കങ്ങളും ആചാരാനുഷ്ഠാനങ്ങളും പാലിക്കേണ്ടതാണ്. ഇതിന് ചില നിയന്ത്രണങ്ങളും വിലക്കുകളും ഉണ്ട്. ഒരാൾ വർണ്ണാശ്രമ ധർമ്മത്തിനനുസൃതമായ കർമ്മങ്ങൾ വിധിവത്തായി അനുഷ്ഠിക്കുന്നവനാകണം. മറ്റുള്ളവരുടെ വസ്തുക്കളിൽ കാമമോ ആഗ്രഹമോ ഉണ്ടാകാൻ പാടില്ല. സത്യംമാത്രം സംസാരിക്കുന്നവനാകണം, എല്ലാ ജീവജാലങ്ങളോടും സമാനവും സഹാനുഭൂതിപൂർവ്വവുമായി പെരുമാറണം. അയാൾക്ക് ധർമ്മത്തിൽ ശ്രദ്ധയും, അധർമ്മം ചെയ്യാൻ ഭയവും, അഹങ്കാരമില്ലായ്മയും, കോപത്തെ ത്യജിക്കുകയും, ഗുരുവചനങ്ങളിലും ശാസ്ത്രത്തിലും അപാരമായ ദൃഢവിശ്വാസവും, താൻ ഏറ്റെടുത്ത ദൗത്യത്തിനെ അഥവാ തന്നിൽ അർപ്പിച്ച ദൗത്യത്തിനെ പൂർത്തീകരിക്കുവാനുള്ള മനഃശക്തിയും ആർജ്ജവവും ഉണ്ടാകണം. വേദത്തെയും വേദജ്ഞരേയും ബഹുമാനിക്കുന്നവനാകണം. ഈ ഗുണങ്ങൾ

ആരിൽ നിക്ഷിപ്തമാണോ അവർ വ്രതാനുഷ്ഠാനങ്ങൾക്ക് യോഗ്യരാണെന്ന് ശാസ്ത്രം പ്രതിപാദിക്കുന്നു.
(തുടരും)

Our Website link : https://www.voiceofjagadguru.com/

Telegram Channel : https://t.me/voiceofjagadguru

Instagram Channel :

https://www.instagram.com/stories/voice_of_jagadguru_voj/3601249542534134684?igsh=MW90YW13N2c5b2hqaA==

WhatsApp Community Channel: https://chat.whatsapp.com/Ly4wlaTu8Kc3sjjEYU8KGu

YouTube Channel : https://youtube.com/@jagad-guru-channel?si=brkLFqiz8sZJ6UIl

| Editorial Board | | |
|---|---|---|
| Sri P A Murali | Hon' Advisor | Administrator & CEO, Sri Sringeri Mutt & It's Properties, Sringeri |
| Sri S N Krishnamurthy | Hon' Editor | Sri Sringeri Mutt, Sringeri |
| Sri Tangirala Shiva Kumara Sharma | Hon' Editor | Sri Sringeri Mutt, Sringeri |
| Sri B Vijay Anand | Web Director | Coimbatore |
| Smt B Srimathi Veeramani | Web Asst Director & Chief Editor | Tirunelveli |
| Sri K M Kasiviswanathan | Hon' Editor | Tirunelveli |
| Sri R Sriram | Translator/writer | Trivandram |